പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.01 — 27.02.2017 ൽ മറുപടിയ്ക്ക്

## നെല്ല് സംഭരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. എൽദോ എബ്രഹാം | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഈ സാമ്പത്തിക വർഷത്തെ ആദ്യ സീസണിലെ നെല്ല് സംഭരണത്തിന്റെ വിശദാംശം അറിയിക്കുമോ; | (എ) ഈ സാമ്പത്തിക വർഷത്തിലെ ആദ്യ സീസണിലെ നെല്ല് സംഭരിക്കുവാൻ 21.09.2016 മുതൽ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 31.12.2016 വരെ 52648 കർഷകരിൽ നിന്നായി, സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള 51 മില്ലുകാർ മുഖേന 1.86 ലക്ഷം മെ. ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. |
| (ബി) നെല്ല് സംഭരിച്ച വകയിൽ എത്ര തുക കൊടുത്തുവെന്നും ഇനി എത്ര തുക കുടിശ്ശിക ഉണ്ടെന്നും അറിയിക്കുമോ; | (ബി) 2016-17 സീസണിൽ 61477 കർഷകരിൽ നിന്നായി 20/02/2017 വരെ 2.08 ലക്ഷം മെ. ടൺ നെല്ല് സംഭരിച്ച വകയിൽ കിലോ ഗ്രാമിന് 22.50 രൂപ നിരക്കിൽ 468.44 കോടി രൂപ നൽകുവാൻ ഉണ്ടായിരുന്നതിൽ 410.31 കോടി രൂപ നൽകിക്കഴിഞ്ഞു. 58.13 കോടി രൂപ കർഷകർക്ക് കുടിശ്ശികയായുണ്ട്. 23.02.2017 ലെ സ.ഉ (സാധാ) നം.52/2017/ഭ.സി.സ.വ. പ്രകാരം 14.63 കോടി രൂപ കൂടി കർഷകർക്ക് നൽകാനായി അനുവധിച്ചിട്ടുണ്ട്. |
| (സി) സംഭരിച്ച നെല്ല് കുത്തി അരിയാക്കുന്നതിനായി അരിമില്ലുകൾക്ക് നൽകുമ്പോൾ അവർ അത് മാറ്റി നിലവാരം കുറഞ്ഞ അരി നൽകുന്ന പ്രവണത തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) പരാതി ലഭിക്കുന്ന മുറയ്ക്ക് സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ മിന്നൽ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) നെല്ല് സംഭരണ പദ്ധതിയിൽ സ്വകാര്യ മില്ലുടമകൾക്ക് കൈകാര്യച്ചെലവായി കിലോയ്ക്ക് എത്ര രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്; ഇത് സർക്കാരിന് എത്രത്തോളം ബാധ്യത വരുത്തുമെന്ന് അറിയിക്കുമോ? | (ഡി) നെല്ലുസംഭരണ പദ്ധതിയിൽ സ്വകാര്യ മില്ലുടമകൾക്ക് കൈകാര്യചെലവായി കിലോയ്ക്ക് 1.90 രൂപ വർദ്ധിപ്പിച്ചുകൊണ്ട് 11.01.2017 ലെ സ.ഉ (എം.എസ്) നം.1/2017/ഭ.പൊ.വി നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കേന്ദ്ര സഹായം ലഭിക്കുന്നതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് യാതൊരു വിധ ബാധ്യതയും ഉണ്ടാകുന്നില്ല. |

സെക്ഷൻ ഓഫീസർ